ഇ-മെയിൽ- director.ims@kerala.gov.in
വെബ്സൈറ്റ് -www.ims.kerala.gov.in
ഫോൺ നം. 0471-2323960

നം.ബി4-341/2021/ഡിഐഎംഎസ്

ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
തിരുവനന്തപുരം – 14.
**തീയതി: 25.01.2022**

# പരിപത്രം

വിഷയം - **ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -** COVID-19 – നിയന്ത്രണങ്ങൾ/ പ്രതിരോധങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന - 07/05/2021 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

.............

ഒമിക്രോൺ, കോവിഡ് -19 എന്നീ വൈറസുകളുടെ വ്യാപന പശ്ചാത്തലത്തിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ഈ പ്രത്യേക സാഹചര്യം സുഗമമായി തരണം ചെയ്യുവാൻ വേണ്ടി 31.03.2022 വരെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

1 ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയും ചുറ്റുപാടും പൂർണ്ണമായും ശുചിത്വമുള്ളതും അണുവിമുക്തവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2 ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്ന് ഈ പ്രത്യേക സാഹചര്യത്തിൽ തുടർ ചികിത്സയിലുള്ള രോഗികൾക്ക് രണ്ടുമാസത്തേക്കുള്ള തുടർചികിത്സക്കുള്ള മരുന്ന് നൽകേണ്ടതാണ്.

3 PHC/CHC/CFLT/DISHA/COVID 19 Institutions/Collector/other authorized persons/ ആരോഗ്യവകുപ്പ് നിർദ്ദേശമനുസരിച്ച് ക്വാറന്റയിൻ/ഐസോലേഷനിൽ ഉള്ളവർ ആരോഗ്യവകുപ്പ് നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

4 എല്ലാ ESI ഗുണഭോക്താക്കളും ജീവനക്കാരും കൃത്യമായി മാസ്ക് ധരിക്കുക, അനാവശ്യയാത്രകൾ ഒഴിവാക്കുക, കൂട്ടം ചേരുന്ന സാഹചര്യം ഒഴിവാക്കുക തുടങ്ങിയ മുൻകരുതൽ സ്വീകരിക്കുകയും വൈറസ് വ്യാപനം തടയുന്നതിന് പൂർണ്ണമായി ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

5 ഡി.ഡിമാരും, ആർ.ഡി.ഡിമാരും തങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന സ്ഥാപനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്തു തുടർനിർദ്ദേശങ്ങൾ നൽകുകയും വീക്കിലി റിപ്പോർട്ട്സ് ആഴ്ചയുടെ അവസാന ദിവസം ഇ-മെയിൽ ആയും തപാൽ മുഖേനയും അറിയിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

6 കോവിഡ്/ഒമിക്രോൺ വ്യാപനം സംബന്ധിച്ച് ഉണ്ടാകുന്ന തീവ്രവും പ്രത്യേക സ്വഭാവമുള്ളതുമായ സാഹചര്യങ്ങൾ ശ്രദ്ധയിൽപെടുന്ന പക്ഷം ആയത് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഒപ്പ്/-**
**ഡോ. മാലിനി.എസ്**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

**സ്വീകർത്താവ്**

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം/ മദ്ധ്യമേഖല, എറണാകുളം/ഉത്തരമേഖല, കോഴിക്കോട്.
2. ഡെപ്യൂട്ടി ഡയറക്ടർ, ആയുർവ്വേദം/ഹോമിയോ
3. വെബ്സൈറ്റ്, ഫയൽ/ സ്റ്റോക്ക് ഫയൽ.

**അംഗീകാരത്തോടെ,**

**സൂപ്രണ്ട്.**